JAGRATHA 88

Vol-3, N0:14
10-03- 2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

കേരള സർക്കാരിന്റെ വിദ്യാഭ്യാസ വകുപ്പ് ഏഴാം ക്ലാസ്സിലെ കുട്ടികൾക്ക് തിരക്കഥാ പരിശീലനത്തിനു സഹായിയായി ക്ലസ്റ്റർ മീറ്റിംഗിൽ അധ്യാപകർക്ക് നല്കിയ സിഡികൾ ക്രൈസ്തവമേലധ്യക്ഷന്മാരെ അവഹേളിക്കുന്നതും വിദ്യാർത്ഥികളിൽ ലൈംഗിക അരാജകത്വം വളർത്തുന്നതുമാണ്. വിവാദ സിഡികൾ പിൻവലിച്ച് സമൂഹത്തോട് സർക്കാർ മാപ്പ് പറയണമെന്നും വിദ്യാഭ്യാസ മന്ത്രി രാജി വയ്ക്കണമെന്നും ആവശ്യപ്പെട്ട് നിരവധി മതമേലധ്യക്ഷന്മാരും ക്രൈസ്തവസംഘടനകളും രംഗത്തെത്തിയിരിക്കുകയാണ്.

## പ്രതികരണങ്ങളിലൂടെ...

### വിവാദ സിഡി പിൻവലിക്കണം: കെ.സി.ബി.സി

ക്രൈസ്തവ സഭാമേലധ്യക്ഷന്മാരെ അവഹേളിക്കുന്ന മുറിവ് എന്ന ഡോക്യുമെന്ററിയും സദാചാര വിരുദ്ധമായ രംഗങ്ങൾ ചിത്രീകരിക്കുന്ന ടൈപ്പ് റൈറ്റർ എന്ന ഡോക്യുമെന്ററിയും ഉൾപ്പെടുന്ന വിവാദസിഡി നിരുപാധികം പിൻവലിക്കണമെന്നു കേരള ക ത്തോലിക്കാ മെത്രാൻ സമിതി ആ വശ്യപ്പെട്ടു. ഏഴാം ക്ലാസിലെ വിവാദ പാഠപുസ്തകത്തിലൂടെയും ടെക്നിക്കൽ ഹയർ സെക്കൻഡറി വാർഷിക പരീക്ഷയിലെ ചോദ്യപേപ്പറിലൂടെയും ഈശ്വരവിശ്വാസികളെ അധിക്ഷേപിക്കുകയും മതവികാരത്തെ വ്രണപ്പെടുത്തുകയും ചെയ്ത ഇടതുപക്ഷ സർക്കാരിന്റെ ഗൂഢ അജൻഡയുടെ ഭാഗം തന്നെയാണ് അധ്യാപകർക്കു പരിശീലന സഹായിയായി നൽകിയിരിക്കുന്ന ഇപ്പോഴത്തെ സിഡി. വിദ്യാഭ്യാസമന്ത്രിയും വിദ്യാഭ്യാസവകുപ്പും മത ന്യൂനപക്ഷങ്ങളെ പ്രത്യേകിച്ചു ക്രൈസ്തവരെ പീഡിപ്പിക്കുന്ന നിലപാടാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്. മതവികാരത്തെ വ്രണപ്പെടുത്തുന്ന സിഡി മാധ്യമ സൃഷ്ടിയാണെന്ന് അഭിപ്രായപ്പെട്ട വിദ്യാഭ്യാസമന്ത്രി പൊതുസമൂഹത്തിന്റെ മുന്നിൽ സത്യത്തെ നിഷേധിക്കുകയും ഭരണഘടനാലംഘനം നടത്തുകയുമാണ് ചെയ്തിരിക്കുന്നത്. ലൈംഗികതയും വർഗീയതയും ഉൾപ്പെടുന്ന സിഡികൾ വിദ്യാർഥികൾക്ക് മുന്നിൽ പ്രദർശിപ്പിക്കാൻ തീരുമാനിച്ച വിദ്യാഭ്യാസ വകുപ്പിന് നേതൃത്വം നല്കുന്ന മന്ത്രി ധാർമിക ഉത്തരവാദിത്വം ഏറ്റെടുത്ത് രാജിവയ്ക്കേണ്ടതാണ്. വിവാദ സിഡി പിൻവലിക്കുന്നതുവരെ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുവാൻ കെ.സി.ബി.സി തീരുമാനിച്ചു. ഇടതുപക്ഷ സർക്കാർ ഈശ്വരവിശ്വാസികൾക്കുനേരെ തുടർച്ചയായി നടത്തുന്ന അവഹേളനങ്ങൾക്കും അതിക്രമങ്ങൾക്കുമെതിരേ ഇതര മതവിശ്വാസികളുമായി സഹകരിച്ചു പ്രതി ഷേധ പരിപാടികൾ സംഘടിപ്പിക്കും. വേണ്ടി വന്നാൽ നിയമപരമായി നേരിടുന്നതിന്റെ സാധ്യതകൾ ആരായുകയും ചെയ്യുമെന്നു കെ.സി.ബി.സി പ്രസിഡന്റ് ആർച്ച്ബിഷപ്പ് ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ, വൈസ് പ്രസിഡന്റ് ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് എന്നിവർ സംയുക്ത പ്രസ്താവനയിൽ അറിയിച്ചു.

### വിവാദ സിഡി പിൻവലിച്ച് ഖേദം പ്രകടിപ്പിക്കണം: ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ

വിദ്യാർഥികൾക്കു തിരക്കഥാരചന പഠിക്കാൻ നിർദേശിക്കപ്പെട്ട വിവാദ ഭാഗങ്ങൾ ഉൾപ്പെടുന്ന സിഡി പിൻവലിച്ച് ക്രൈസ്തവ സമൂഹത്തോട് ഖേദം പ്രകടിപ്പിക്കാൻ സർക്കാർ തയാറാവണമെന്ന് കെ.സി.ബി.സി വിദ്യാഭ്യാസ-ഐക്യ ജാഗ്രതാ കമ്മീഷൻ ചെയർമാൻ കൊല്ലം

ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ ആവശ്യപ്പെട്ടു. മുറിവുണ്ടാക്കാൻ എളുപ്പമാണ്. പക്ഷേ എത്ര തൈലം പുരട്ടിയാലും ചില മുറിവുകൾ സുഖപ്പെടുകയില്ല. അത് മതവിദ്വേഷത്തിന്റെ മുറിവുണ്ടാക്കുമ്പോൾ പ്രത്യേകിച്ചും. എന്തിനാണ് ഇടതുപക്ഷ സർക്കാർ ക്രൈസ്തവ സമൂഹത്തെ തിരഞ്ഞുപിടിച്ച് മുറിപ്പെടുത്തുന്നതെന്നും മുറിവിൽ മതവിദ്വേഷത്തിന്റെ വിഷം പുരട്ടുന്നതെന്നും മനസിലാകുന്നില്ല. സ്നേഹവും സാഹോദര്യവും പങ്കുവയ്ക്കാൻ ശീലിപ്പിക്കേണ്ട കൊച്ചുകുട്ടികളുടെ മനസിൽ സഭയുടെ ആത്മീയപ്രതിപുരുഷൻമാരെ അവഹേളിക്കുന്ന തരത്തിലുള്ള ദൃശ്യങ്ങൾ നിറയ്ക്കുന്നത് എന്തിനാണെന്നും ഇതുകൊണ്ട് ഇടതുസർക്കാർ എന്താണ് അർഥമാക്കുന്നതെന്നും ബിഷപ് ചോദിച്ചു. ക്രൈസ്തവ വിശ്വാസികൾ ജന്മനാൽ തന്നെ ഉൾക്കൊള്ളുകയും സ്വജീവിതത്തിൽ പാലിക്കുകയും ചെയ്യുന്ന വിശ്വാസപ്രമാണങ്ങളെ നിരാകരിക്കുന്ന പാഠപുസ്തക വിവാദത്തിന്റെ അലയൊലികൾ എത്രനാൾ സമൂഹത്തെ അസ്വസ്ഥമാക്കിയിരുന്നു. അതിൽനിന്ന് ഇടതു സർക്കാർ എന്താണ് നേടിയത്. തെറ്റുകളിൽനിന്നു പാഠം ഉൾ ക്കൊള്ളുകയെന്നതല്ല വിവേകമുള്ള സർക്കാർ അനുവർത്തിക്കേണ്ടത്. ഇതിനു ശ്രമിക്കാതെ മുറിവുകൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നതിനു പിന്നിൽ തീർച്ചയായും നിഗൂഢലക്ഷ്യങ്ങളുണ്ട്. ഇടതുപക്ഷ സർക്കാരിന്റെ ഈ നിഗൂഢലക്ഷ്യമാണ് ക്രൈസ്തവ സമൂഹം തിരിച്ചറിയേണ്ടത്. മതവിദ്വേഷത്തിന്റെ വിഷം പുരട്ടുന്ന ഇടതുസർക്കാരിന്റെ ഇത്തരം നയസമീപനങ്ങളെയാണ് സഭാ മേലധ്യക്ഷൻമാരും സഭാ മക്കളും എതിർക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു .സംയമനം പാലിക്കുകയും സഹനവഴികളിലൂടെ ബൈബിളിന്റെ പിൻബലത്തിൽ യാത്ര ചെയ്യുകയും ചെയ്യുന്ന ക്രൈസ്തവ സമൂഹത്തെ ദുർബലരെന്ന് ഇടതുപക്ഷ സർക്കാർ കരുതുന്നുവെങ്കിൽ അത് തികച്ചും തെറ്റാണ്. സംയമനം പാലിച്ചുകൊണ്ടു തന്നെ ആസൂത്രിത പ്രചാരണങ്ങളെ നേരിടാൻ ഞങ്ങൾക്ക് സാധിക്കും. അത് സർക്കാരിന്റെ ആസൂത്രിത ശ്രമമാണെങ്കിൽ കൂടി അതിനുള്ള ആത്മീയശക്തിയും ഞങ്ങൾക്കുണ്ട്. കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനു വേണ്ടി പുറത്തിറക്കിയ സിഡി അതു നിർമിച്ചവരുടെ മാത്രം ഭാവനാസൃഷ്ടിയാണെന്ന് ഞങ്ങൾ കരുതുന്നില്ല.

സഭാ പിതാക്കൻമാരെ അവഹേളിക്കുന്ന സിഡിയുടെ നിർമാണവും ഭരണത്തിൽ പങ്കാളിത്തമുള്ളവരുടെ കൂടി മനസറിവിന്റെ ഫലമാണ്. അതുകൊണ്ടുതന്നെ ഭരണത്തിലിരിക്കുന്നവർക്ക് ആളാകാൻ ക്രൈസ്തവ സഭയെ ചെളിവാരിയെറിയുന്ന ശീലം അനുവദിക്കാൻ സഭ ആഗ്രഹിക്കുന്നില്ല. സാഹോദര്യത്തിലും സമഭാവനയിലും സമൂഹത്തിലെ ജനങ്ങളെ കാണേണ്ട സർക്കാർ വിദ്വേഷത്തിന്റെ തീപ്പൊരികൾ ഒരു സമൂഹത്തിന്റെ മേൽ വർഷിക്കുന്നത് നന്നല്ല. ക്രൈസ്തവ സമൂഹത്തി ന്റെ സഹനത്തിന് ഒരു സർക്കാരിനെ തന്നെ ഇല്ലാതാക്കാനുള്ള ശക്തിയുണ്ടെന്ന് ഭരിക്കുന്നവർ മറക്കരുത്. ഗവൺമെന്റ് എന്നത് എക്കാലത്തുമുള്ള സംവിധാനമല്ല. തങ്ങളുടെ ചെയ്തികൾ ജനങ്ങളുടെ മുന്നിൽ കണക്കുപറഞ്ഞ് വിധി നേരിടേണ്ടുന്നവരാണ്. വിധിക്കാനുള്ള അധികാരം ജനങ്ങൾക്കാണ്. ഭരണത്തിന്റെ സിംഹാസനങ്ങളിൽ ഇരിക്കുന്നവരും അത് മറക്കരുതെന്നും ബിഷപ്പ് പറഞ്ഞു. ഇപ്പോൾ പുറത്തിറങ്ങിയിരിക്കുന്ന സിഡികൾ പിൻവലിച്ച് ക്രൈസ്തവസമൂഹത്തിനുണ്ടായ വേദനയ്ക്കു ഖേദം പ്രകടിപ്പിക്കാൻ സർക്കാർ തയാറാവുമെന്നാണ് ക്രൈസ്തവ സമൂഹം പ്രതീക്ഷിക്കുന്നത്. മതമേലധ്യക്ഷൻമാരെ അവഹേളിക്കുക വഴി ക്രൈസ്തവ സമൂഹത്തെ മൊത്തമായാണ് ആക്ഷേപിച്ചിരിക്കുന്നത്. ജനപക്ഷത്ത് നിലകൊള്ളുന്ന ഒരു സർക്കാർ സ്വീകരിക്കേണ്ട നിലപാട് വിവാദ സിഡി പിൻവലിച്ചു ക്രൈസ്തവ സമൂഹത്തോട് ഖേദം അറിയിക്കുകയെന്നതാണ്. വിദ്യാഭ്യാസ വകുപ്പിനോടും ഇടതുപക്ഷ സർക്കാരിനോടും ക്രൈസ്തവ സമൂഹത്തിന് ഒന്നേ പറയാനുള്ളൂ- നിങ്ങൾ കൊളുത്തിയ തീ നിങ്ങൾ തന്നെ അണയ്ക്കുക, ആർക്കും നിയന്ത്രിക്കാനാകാത്ത വിധത്തിൽ ആളിപ്പടരും മുമ്പ്.

## വിവാദ സിഡി ക്രൈസ്തവ വിരുദ്ധ നീക്കങ്ങളുടെ തുടർച്ച: മാർ പവ്വത്തിൽ

പാഠപുസ്തകങ്ങളിലൂടെയും ചോദ്യപേപ്പറുകളിലൂടെയും മതന്യൂനപക്ഷങ്ങളെ, പ്രത്യേകിച്ചും ക്രൈസ്തവരെ കരിതേച്ചുകാണിച്ച് ക്രൈസ്തവ വിദ്വേഷം വിദ്യാർഥികളിൽ കുത്തിവയ്ക്കാനുള്ള വിദ്യാഭ്യാസവകുപ്പിന്റെ ശ്രമങ്ങളുടെ തുടർച്ചയാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന വിവാദ സി.ഡിയെന്ന് ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ പറഞ്ഞു.വിദ്യാഭ്യാസവകുപ്പുതന്നെ ആസൂത്രണം ചെയ്ത അധ്യാപകർക്കുള്ള ഔദ്യോഗിക പരിശീലന പരിപാടിയിൽ വകുപ്പ് ഉദ്യോഗസ്ഥർതന്നെ ആധികാരികതയോടെ വിതരണം ചെയ്ത സി.ഡിയെക്കുറിച്ച് വിദ്യാഭ്യാസവകുപ്പ് അധികൃതർക്ക് അറിയില്ലെന്നു പറയുന്നത് വിചിത്രമാണ്.

കേവലം ഒരു ഉദ്യോഗസ്ഥന്റെ തലയിൽ കുറ്റംചാർത്തി തലയൂരാൻ വകുപ്പധ്യക്ഷൻ ശ്രമിക്കുന്നത് തികച്ചും നിരുത്തരവാദപരമാണ്. വിദ്യാഭ്യാസവകുപ്പിന്റെ കുറ്റകരമായ ഈ നടപടി പുറത്തുകൊണ്ടുവരാൻ സഹായിച്ചു എന്നു സംശയിക്കുന്ന അധ്യാപകർക്കെതിരേ നടപടിയെടുക്കാനുള്ള സർക്കാർ നീക്കം വിദ്യാഭ്യാസവകുപ്പിന്റെ കുറ്റകരമായ പ്രവണതയുടെ ഗൗരവമാണ് പുറത്തുകൊണ്ടുവരുന്നതെന്നും മാർ ജോസഫ് പവ്വത്തിൽ പത്രക്കുറിപ്പിൽ ചൂണ്ടിക്കാട്ടി.

**വ്രണപ്പെടുത്തുന്നതിൽനിന്നു പിന്തിരിയണം: മാർ ജോർജ് പുന്നക്കോട്ടിൽ**

വിദ്യാർഥികൾക്ക് തിരക്കഥ രചന പഠിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വിവാദ സിഡികൾ ഒരു സമൂഹത്തെ വ്രണപ്പെടുത്തുന്നുവെന്ന് മാത്രമല്ല, സാംസ്കാരിക കേരളത്തെ അപമാനിക്കുകകൂടി ചെയ്യുകയാണ് വിദ്യാഭ്യാസ വകുപ്പെന്നു കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ് പുന്നക്കോട്ടിൽ. ഖേദം പ്രകടിപ്പിക്കുന്നതിനു പകരം നിരുത്തരവാദിത്വപരമായി പ്രതികരിക്കുന്നത് സാംസ്കാരിക വകുപ്പ് മന്ത്രികൂടിയായ വിദ്യാഭ്യാസ മന്ത്രിക്ക് ഭൂഷണമല്ല.പക്വതയുള്ള ഒരു പ്രതികരണം വിദ്യാഭ്യാസ വകുപ്പിൽനിന്ന് ഉടൻ പ്രതീക്ഷിക്കുന്നുവെന്ന് മാർ ജോർജ് പുന്നക്കോട്ടിൽ പറഞ്ഞു.

**സിഡി വിവാദം സർക്കാരിനു പങ്കില്ലെങ്കിൽ തെളിയിക്കണം: മാർ പെരുന്തോട്ടം**

ക്ലസ്റ്റർ പരിശീലനത്തിൽ അനാവശ്യമായ സി.ഡി നൽകേണ്ട കാര്യമില്ലായിരുന്നുവെന്നും ഇക്കാര്യത്തിൽ ഉത്തരവാദിത്വമില്ലെന്ന എം.എ ബേബിയുടെ മറുപടി തൃപ്തികരമല്ലെന്നും ചങ്ങനാശേരി ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. ഇക്കാര്യത്തിൽ പങ്കില്ലെങ്കിൽ അതു തെളിയിക്കേണ്ട ബാധ്യത സർക്കാരിനുണ്ടെന്നും ആർച്ച്ബിഷപ് പറഞ്ഞു. വാഴൂർ അനുഗ്രഹ റിന്യൂവൽ സെന്ററിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു ആർച്ച്ബിഷപ്.വിദ്യാഭ്യാസ മേഖലയിൽ അനാവശ്യ നീക്കങ്ങളാണ് സർക്കാർ നടത്തുന്നത്. ഇത് അവിവേകപരമായ സമീപനമാണ്. വിവിധ സംസ്കാരങ്ങളും മതങ്ങളുമുള്ള ഇന്ത്യയിൽ ഒരു മതത്തെ മാത്രം താറടിക്കുകയും തേജോവധം ചെയ്യുകയും ചെയ്യുന്ന രീതി ശരിയല്ല.പാർലമെന്റു തെരഞ്ഞെടുപ്പിൽ ന്യൂനപക്ഷങ്ങൾക്ക് സുരക്ഷിതത്വവും ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്ന സ്ഥാനാർഥികൾക്കേ വോട്ടു ചെയ്യുകയുള്ളുവെന്നും മാർ ജോസഫ് പെരുന്തോട്ടം പറഞ്ഞു.

**ക്രൈസ്തവ സഭകളെ അവഹേളിക്കൽ അവസാനിപ്പിക്കണം : കെ.സി.വൈ.എം**

വിദ്യാഭ്യാസ വകുപ്പിലെ ഉന്നതരും സിൽബന്തികളും ക്രൈസ്തവ സഭകളെ അവഹേളിക്കാൻ കരുതിക്കൂട്ടി കാണിക്കുന്ന നടപടികൾ അവസാനിപ്പിക്കണമെന്ന് കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ജോസഫ് തോമസ് ആവശ്യപ്പെട്ടു. കെ. സി.വൈ.എം കൊട്ടാരക്കരയിൽ സംഘടിപ്പിച്ച സംസ്ഥാന വനിതാ സംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അ ദ്ദേഹം.കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് അംഗം ഷാഹിദാ കമാൽ വനിതാസംഗമം ഉദ്ഘാടനം ചെയ്തു.

**സിഡി അടിയന്തിരമായി പിൻവലിക്കണം: കത്തോലിക്കാ കോൺഗ്രസ്**

ക്രൈസ്തവ സഭയേയും സഭാമേലധ്യക്ഷന്മാരേയും ആക്ഷേപിക്കുന്ന സിഡികൾ, അശ്ലീല ഭാഗങ്ങളുൾപ്പെട്ട ഡോക്കുമെന്ററികൾ തുടങ്ങിയവ ക്ലസ്റ്റർ മീറ്റിംഗിൽ പരിശീലന സഹായിയായി നൽകിയ നടപടി അടിയന്തരമായി പിൻവലിച്ച് സഭാ സമൂഹത്തോടു മാപ്പുപറയാൻ വിദ്യാഭ്യാസ വകുപ്പ് തയാറാകണം. ഇടതുസർക്കാർ അധികാരമേറ്റെടുത്തശേഷം തുടർച്ചയായി നടത്തുന്ന ക്രൈസ്തവ വിരുദ്ധ നീക്കത്തിൽ ശക്തിയായി പ്രതികരിക്കാനും പ്രതിഷേധയോഗങ്ങൾ നടത്താനും കത്തോലിക്കാ കോൺഗ്രസ് മുൻകൈയെടുക്കും. ലോക്സഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന അവസരത്തിൽ ജനാധിപത്യരീതിയിൽ പ്രതികരിക്കാനുള്ള അവസരം ക്രൈസ്തവർ ഉപയോഗപ്പെടുത്തുമെന്നും കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് എം.ഡി ജോസഫ് മണ്ണിപ്പറമ്പിലും സെക്രട്ടറി ടോമി തുരുത്തിക്കരയും പ്രസ്താവിച്ചു.

**സിഡി: തെരഞ്ഞെടുപ്പിൽ ബാലറ്റിലൂടെ മറുപടി നൽകണം : സി.എൽ.സി**

വിദ്യാഭ്യാസ വകുപ്പിന്റെ മുറിവ് എന്ന സിഡി ക്രൈസ്തവ സഭയെ അവഹേളിക്കാനുള്ള ശ്രമത്തിന്റെ മറ്റൊരു പതിപ്പു കൂടിയാണെന്ന് സി.എൽ.സി ആരോപിച്ചു. നിരീശ്വര പ്രസ്ഥാനക്കാർ രൂപപ്പെടുത്തിയ ആറാം തിരുമുറിവിന്റെ തുടർച്ചയാണിത്. അക്ഷരവെളിച്ചം നൽകി ലോകത്തിന്റെ പ്രകാശമായി സേവനം ചെയ്യുന്ന സഭയെ നശിപ്പിക്കാനുള്ള നിരീശ്വരപ്രസ്ഥാനക്കാരോട് മറുപടി പറയുവാൻ തെരഞ്ഞെടുപ്പിൽ ബാലറ്റ് ഉപയോഗിക്കണമെന്നും സി.എൽ.സി സംസ്ഥാന സമിതി അഭ്യർഥിച്ചു.

## സിഡി പിൻവലിച്ച് സർക്കാർ മാപ്പു പറയണം: കെ.ആർ.എൽ.സി.സി

പാഠ്യപദ്ധതിയുടെ ഭാഗമായി ബിഷപ്പുമാരെയും വൈദികരെയും അവഹേളിക്കുന്ന സിഡികളും പുസ്തകങ്ങളും പുറത്തിറക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ നടപടികളെ പ്രതിരോധിക്കാൻ കേരളത്തിലെ 11 ലത്തീൻ രൂപതകളിലെ അല്മായ പ്രതിനിധികളുടെ യോഗം തീരുമാനിച്ചു. കെ.ആർ.എൽ.സി.സി അല്മായ കമ്മീഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജൂബിലി മെമ്മോറിയൽ ആനിമേഷൻ സെന്ററിൽ ചേർന്ന യോഗമാണ് ഈ തീരുമാനം കൈക്കൊണ്ടത്. യോഗത്തിൽ കെ.ആർ.എൽ. സി.സി ലെയ്റ്റി കമ്മീഷൻ ചെയർമാൻ ആർച്ച് ബിഷപ് ഡോ.സൂസപാക്യം അധ്യക്ഷനായിരുന്നു.മന്ത്രി അറിയാതെയാണ് സിഡി പുറത്തിറക്കിയതെന്ന വാദവും കുട്ടികൾക്കു വേണ്ടിയല്ല സിഡി എന്ന വാദവും അംഗീകരിക്കാനാവുന്നതല്ലെന്ന് യോഗം ചൂണ്ടിക്കാട്ടി. സിഡി ആവിർഭാവത്തെക്കുറിച്ചും അതിന്റെ പിന്നിൽ പ്രവർത്തിച്ചവരെക്കുറിച്ചും വെളിപ്പെടുത്താൻ വിദ്യാഭ്യാസ മന്ത്രി തയാറാകണം. എക്കാലവും കത്തോലിക്കാ വിശ്വാസത്തെയും സഭാധ്യക്ഷന്മാരേയും അപകീർത്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാമെന്നു സർക്കാർ കരുതരുതെന്നും യോഗം മുന്നറിയിപ്പ് നൽകി.ഉചിതമായ നടപടികൾ ഉണ്ടായില്ലെങ്കിൽ ലത്തീൻ സഭയുടെ അല്മായ സംഘടനകളുടെ നേതൃത്വത്തിൽ ശക്തമായ പ്രതിഷേധം സംഘടിപ്പിക്കാൻ യോഗം തീരുമാനിച്ചു.

## സിഡി നിർമാണത്തിനു പിന്നിൽ ഗൂഢ അജൻഡ: കാത്തലിക് ഫെഡറേഷൻ

സർക്കാർ അധികാരമേറ്റ നാൾ മുതൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങളിലൂടെ ക്രൈസ്തവ സഭയേയും പുരോഹിതന്മാരേയും മതമേലധ്യക്ഷന്മാരേയും നിരന്തരം ആക്ഷേപിക്കുകയാണെന്നും അതിന്റെ അവസാനത്തെ ഉദാഹരണമാണ് ആടിന്റെ കഥയുമായി ബിഷപ്പിനെ ആക്ഷേപിക്കുന്നതെന്നും കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ. മതന്യൂനപക്ഷങ്ങളിൽ ക്രൈസ്തവ മതത്തേയും മേലധ്യക്ഷന്മാരേയും തെരഞ്ഞുപിടിച്ച് ആക്ഷേപിക്കുന്നതിനു പിന്നിൽ ഗൂഢഅജൻഡയുണ്ടെന്നും ക്രൈസ്തവരുടെ സഹിഷ്ണത ഒരു ബലഹീനതയായി സർക്കാർ കാണരുതെന്നും ഫെഡറേഷൻ എക്സിക്യൂട്ടീവ് യോഗം മുന്നറിയിപ്പു നൽകി.

## സദാചാര മൂല്യങ്ങളെ തകർക്കാനുള്ള ശ്രമം: കേരള സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ

മതവിശ്വാസത്തേയും സദാചാര മൂല്യങ്ങളേയും പാഠപുസ്തകങ്ങളിലൂടെ തകർക്കാനുള്ള വിദ്യാഭ്യാസ വിദഗ്ധ സമിതിയുടെ കുത്സിതശ്രമങ്ങൾ അവസാനിപ്പിക്കണമെന്നു കേരള സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ഫാ.ജോസ് കരിവേലിക്കൽ ആവശ്യപ്പെട്ടു. സാമൂഹിക മൈത്രിയും മാനവികതയും സദാചാര മൂല്യങ്ങളും ഈശ്വര വിശ്വാസവും കൈമാറാൻ സഹായകമാകേണ്ട വിദ്യാഭ്യാസ പ്രക്രിയയും പാഠപുസ്തകങ്ങളും ഇടതു സർക്കാരിന്റെ നേതൃത്വത്തിൽ അരാജകത്വവും ഈശ്വരനിന്ദയും വളർത്താനുള്ള മാധ്യമങ്ങളായി അധഃപതിപ്പിച്ചി രിക്കുകയാണ്. അധ്യാപകർക്ക് കാണാനും കുട്ടികളെ കാണിച്ചു പഠിപ്പിക്കാനും തയാറാക്കി കൊടുത്തിരിക്കുന്ന സിഡിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മുറിവ് എന്ന ചിത്രീകരണം സഭയെ ആക്ഷേപിക്കാനുള്ള ഉദ്ദേശത്തോടെ തയാറാക്കിയിരിക്കു ന്നതാണ്. അതുപോലെ സഭ്യതയുടെ എല്ലാ അതിർവരമ്പുകളും ലംഘിച്ചുള്ള നീലചിത്രമാണ് ടൈപ്പ് റൈറ്റർ. ക്ലാസ് മുറികളിലൂടെ പ്രത്യയശാസ്ത്ര പ്രചാരണം തുടരാനുള്ള വിദ്യാഭ്യാസ വകുപ്പിന്റെ നീക്കത്തിന്റെ ഭാഗമാണ് ടെക്നിക്കൽ ഹയർ സെക്കൻഡറി വാർഷിക പരീക്ഷയിൽ ഹ്യൂമാനിറ്റീസ് പേപ്പറിലെ വിവാദമായ രണ്ട് ചോദ്യങ്ങൾ. ഇവയുടെ പിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിച്ച് വിദ്യാഭ്യാസ വകുപ്പിൽനിന്നു പുറത്താക്കണമെന്നും അല്ലാത്തപക്ഷം ശക്തമായ പ്രതിഷേധ പരിപാടികൾ ആവിഷ്കരിക്കുമെന്നും ഫാ. കരിവേലിക്കൽ മുന്നറിയിപ്പു നൽകി.

## വിവാദ സിഡികൾ പിൻവലിക്കണം: ചെറുപുഷ്പ മിഷൻലീഗ്

ക്രൈസ്തവ സഭയെയും മതമേലധ്യക്ഷന്മാരെയും അവഹേളിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്ന സി.ഡികൾ പിൻവലിക്കണമെന്ന് ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതി ആവശ്യപ്പെട്ടു. സർക്കാർ അധികാരമേറ്റ നാൾ മുതൽ വിദ്യാഭ്യാസ വകുപ്പ് ക്രൈസ്തവ സഭയെ നിരന്തരം ആക്ഷേപിക്കുകയാണെന്നും ഇതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് ഇപ്പോഴത്തെ സി.ഡികളെന്നും യോഗം വിലയിരുത്തി.

**വിവാദ സി.ഡി: വിദ്യാഭ്യാസ മന്ത്രി മാപ്പു പറയണം: എ.കെ.സി.സി**

ക്രൈസ്തവ സഭയെയും സഭാ മേലധ്യക്ഷന്മാരെയും ആക്ഷേപിക്കുന്ന സി.ഡികൾ പിൻവലിച്ച് മാപ്പു പറയാൻ വിദ്യാഭ്യാസ മന്ത്രി തയാറാകണമെന്ന് എ.കെ.സി.സി കപ്പാട് യൂണിറ്റ് ആവശ്യപ്പെട്ടു. സർക്കാർ അധികാരമേറ്റ നാൾമുതൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങളിലൂടെ ക്രൈസ്തവ സമൂഹത്തെ ആക്ഷേപിക്കുന്നതിന്റെ ഉദാഹരണമാണ് സി.ഡി വിവാദമെന്ന് യോഗം കുറ്റപ്പെടുത്തി.

**വിദ്യാഭ്യാസമന്ത്രിയെ പുറത്താക്കണം: കെ.സി.എസ്.എൽ**

മതന്യൂനപക്ഷങ്ങളെയും ക്രൈസ്തവസഭകളെയും അവഹേളിക്കാൻ ശ്രമിക്കുന്ന വിദ്യാഭ്യാസമന്ത്രി എം.എ ബേബിയെ മന്ത്രിസഭയിൽനിന്നു പുറത്താക്കണമെന്നു മുഖ്യമന്ത്രിയോട് കെ.സി.എസ്.എൽ ആവശ്യപ്പെട്ടു. ക്രൈസ്തവസമൂഹത്തെയും മെത്രാന്മാരെയും പരസ്യമായി അവഹേളിക്കുന്ന മുറിവ് എന്ന ഷോർട്ട്ഫിലിമും അശ്ലീലതകളും ലൈംഗികവേഴ്ചകളും ഗർഭനിരോധന ഉറകളുമൊക്കെ നേരിട്ടു വിശദമാക്കുന്ന ടൈപ്പ്റൈറ്റർ എന്ന ഷോർട്ട്ഫിലിമുകളും 13 വയസുമാത്രം പ്രായമുള്ള കുരുന്നുകളെ കാണിക്കാൻ ഒരു സ്കൂളിലും അനുവദിക്കരുതെന്നും ഉടൻ സി.ഡികൾ പിൻവലിക്കണമെന്നും കെ.സി.എസ്.എൽ അതിരൂപത എക്സിക്യൂട്ടീവ് ആവശ്യപ്പെട്ടു.

**മേലധ്യക്ഷന്മാരെ അവഹേളിക്കുന്ന നടപടി പ്രതിഷേധാർഹം: ഈസ്റ്റേൺ കാത്തലിക് അസോസിയേഷൻ**

ക്രൈസ്തവ സഭയേയും മതമേലധ്യക്ഷന്മാരേയും അധിക്ഷേപിക്കുന്ന സർക്കാരിന്റെയും സി.പി.എമ്മിന്റെയും നയങ്ങൾ പിൻവലിക്കണമെന്ന് ഈസ്റ്റേൺ കാത്തലിക് അസോസിയേഷൻ ആവശ്യപ്പെട്ടു. ക്രൈസ്തവ സഭകളോട് ഇടതുപക്ഷ സർക്കാർ കാണിക്കുന്ന ഈ നിന്ദമായ നടപടിയിൽനിന്നു സർക്കാർ പിന്തിരിഞ്ഞു സി.ഡി കാസറ്റുകൾ പിൻവലിക്കണമെന്നും ഈസ്റ്റേൺ കാത്തലിക് അസോസിയേഷൻ ആവശ്യപ്പെട്ടു.

**മാപ്പുപറയണം: യുവദീപ്തി**

വിദ്യാഭ്യാസ വകുപ്പിന്റെ വിവാദ സി ഡിക്കെതിരെ യുവദീപ്തി- കെ.സി.വൈ.എം. കലൂർ യൂണിറ്റ് പ്രതിക്ഷേധിച്ചു. മതമേലധ്യക്ഷൻമാരെ അപമാനിക്കുകയും സദാചാരവിരുദ്ധ രംഗങ്ങൾ ചിത്രീകരിക്കുകയും ലൈംഗികതയും വർഗീയതയും പ്രചരിപ്പിക്കുകയും ചെയ്യുന്ന സി ഡികൾ ഉടൻ പിൻവലിച്ച് വിദ്യാഭ്യാസ വകുപ്പ് മാപ്പു പറയണമെന്ന് യോഗം ആവശ്യപ്പെട്ടു. ഏഴാംക്ലാസിലെ പാഠ്യപദ്ധതിയുടെ ഭാഗമായി പുറത്തിറക്കിയ സി ഡിയിലൂടെ വിദ്യാഭ്യാസ മന്ത്രിയും കെ.എസ്.ടി.എയും ശാസ്ത്ര സാഹിത്യ പരിക്ഷത്തും ചേർന്ന് സാസ്കാരിക കേരളത്തെ അപമാനിക്കുകയാണെന്നും യോഗം കുറ്റപ്പെടുത്തി.

§ § §